**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി IX
# തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

2012-13 വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

2013 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

2012-13 വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

951/2013.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

സബ്ജക്ട് കമ്മിറ്റി IX

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

(2011-2013)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. മഞ്ഞളാംകുഴി അലി,
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. അച്ചുതൻ
,, സി. മമ്മൂട്ടി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, പി. ശ്രീരാമകൃഷ്ണൻ
,, ഇ. കെ. വിജയൻ
,, കെ. വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
,, കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി
,, റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

## അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ രണ്ടാമത് റിപ്പോർട്ട് 2012 ജൂൺ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റുകൾ 24-6-2013 തീയതിയിൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്തിൽ 2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ റിപ്പോർട്ടിലെ ശുപാർശകളിൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാതെയുള്ള ശുപാർശകളുടെ വിവരങ്ങളും ചേർത്തിരിക്കുന്നു.

2013 ജൂൺ 24-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. സി. ജോസഫ്,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2013 ജൂൺ 24.

# റിപ്പോർട്ട്

## ഭാഗം I

**2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും**

## ധനാഭ്യർത്ഥന നമ്പർ XXI—ഭവനനിർമ്മാണം

ശുപാർശ

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

02—വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം

പത്രപ്രവർത്തകർക്ക് ഭവനനിർമ്മാണ സബ്സിഡിയായി നിർമ്മാണ ചെലവിന്റെ 25% തുക 50,000 രൂപയിൽ നിജപ്പെടുത്തി നൽകിവരുന്നു. നിലവിൽ 18 അപേക്ഷകളാണ് നടപടിയിലിരിക്കുന്നത്. ഇത് ഒരു തുടർപദ്ധതിയായതിനാൽ 2012-2013 വർഷത്തേക്ക് 25 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നടപ്പുവർഷം ഈ ഇനത്തിൽ 18 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചു നൽകിയിട്ടുള്ളത്. ഈ പദ്ധതി തുടർന്നുവരുന്നതും അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്നതുമായതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തതമൂലം അധികതുക വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 4098/ബി2/2012/ഭവനം തീയതി 8-5-2013.)

ശുപാർശ

06—പാർലമെന്റംഗങ്ങൾക്കും നിയമസഭാംഗങ്ങൾക്കുമുള്ള ഭവന പദ്ധതി

സംസ്ഥാനത്തെ MLA/MP-മാർക്ക് പുതുതായി വീട് നിർമ്മിക്കുന്നതിനോ പഴയ വീട് പുതുക്കിപ്പണിയുന്നതിനോ ഫ്ളാറ്റോ വീടോ വാങ്ങുന്നതിനോ പരമാവധി 3 ലക്ഷം രൂപ വായ്പ അനുവദിക്കുന്ന പദ്ധതിയാണിത്. 2 ലക്ഷം രൂപ സർക്കാർ വായ്പയും 1 ലക്ഷം രൂപ സർക്കാർ ഗ്യാരന്റിയിൽ ബോർഡ് HDFC-യിൽ നിന്നും വായ്പയെടുത്തുമാണ് 3 ലക്ഷം രൂപ അനുവദിക്കുന്നത്. 25-2-2006-ൽ വായ്പാതുക 5 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. 7% പലിശ സബ്സിഡൈസ് ചെയ്തശേഷം

ബാക്കി 7% പലിശയാണ് വായ്പക്കാരിൽനിന്നും ഈടാക്കുന്നത്. ഇതുവരെ വായ്പ അനുവദിക്കപ്പെട്ട 107 പേർക്കായി ആകെ 294.89 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സർക്കാർ അനുവദിച്ച തുകയിൽനിന്നും പലിശ സബ്സിഡി ഇനത്തിലുള്ള ചെലവുകളും അഡ്ജസ്റ്റ് ചെയ്തുവരുന്നു. നടപ്പുവർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തതമൂലം അധികതുക വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 4098/ബി2/2012/ഭവനം തീയതി 8-5-2013.)

ശുപാർശ

34—ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ച ഭവനങ്ങളുടെ നവീകരണം

ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ച ഭവനങ്ങളുടെ നവീകരണത്തിനായി 2011-12 സാമ്പത്തികവർഷത്തിൽ അനുവദിച്ചിരുന്ന 6 കോടി രൂപയിൽ 4 കോടി രൂപ മാത്രമേ ബോർഡിന് ലഭിച്ചിട്ടുള്ളു എന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ Special Fund ഇനത്തിൽ 2 കോടി രൂപ സർക്കാരിൽനിന്നും ലഭിക്കുവാനുമുള്ളതായി കാണുന്നു. ആയതിനാൽ ഈ ഇനത്തിൽ സർക്കാരിൽനിന്നും ലഭിക്കേണ്ട തുകയായ 4 കോടി രൂപ (2011-12-ലെ ബജറ്റിലുള്ള 2 കോടി രൂപ + Special Fund ഇനത്തിലുള്ള 2 കോടി രൂപ) യ്ക്കുപുറമെ അധികമായി 10 കോടി രൂപ കൂടി നടപ്പുസാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

ധനപുനർവിനിയോഗത്തിലൂടെ അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് എന്ന ധനവകുപ്പിന്റെ ഉപദേശപ്രകാരം പ്രൊപ്പോസൽ ഭവനനിർമ്മാണ ബോർഡിനോട് ആവശ്യപ്പെട്ടുവെങ്കിലും ഭവനനിർമ്മാണ ബോർഡ് പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി തുക അനുവദിക്കുവാൻ സർക്കാരിന് സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 4099/സി1/2012/ഭവനം തീയതി 30-5-2013.)

ശുപാർശ

35—ലക്ഷം വീട് ബമ്പർ ലോട്ടറി-തനത് വരുമാനം

ലക്ഷം വീട് ബമ്പർ ലോട്ടറിയിലൂടെ ലഭിച്ച 6 കോടി രൂപ ഹൗസിംഗ് ബോർഡിന് ലഭിച്ചിട്ടില്ലാത്തതിനാൽ ആ തുക ലക്ഷം വീട് പദ്ധതിക്കായി വിനിയോഗിക്കുന്നതിന് 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ

പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ടിൽ സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ നടപ്പുവർഷവും ബജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ നൽകി കാണുന്നുള്ളു. ആയതിനാൽ എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിക്കായി ലക്ഷം വീട് ബമ്പർ ലോട്ടറി വരുമാനത്തിൽ നിന്നുള്ള 6.16 കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തിലും അനുവദിച്ചു നൽകണമെന്ന ശുപാർശ സമിതി വീണ്ടും ആവർത്തിക്കുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

ബമ്പർ ലോട്ടറി ഇനത്തിൽ ഹൗസിംഗ് ബോർഡിന് അർഹതപ്പെട്ട വിഹിതത്തെ സംബന്ധിച്ച് നികുതി വകുപ്പ്, ധനകാര്യ വകുപ്പ് എന്നിവരുടെ അംഗീകാരത്തോടെ പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ അധികതുക അനുവദിക്കുന്നതാണെന്ന് ധനവകുപ്പ് അറിയിച്ച പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഭവനനിർമ്മാണ ബോർഡിനോട് ആവശ്യപ്പെട്ടുവെങ്കിലും ഭവനനിർമ്മാണ ബോർഡ് പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി തുക അനുവദിക്കുവാൻ സർക്കാരിന് സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 4099/സി1/2012/ഭവനം തീയതി 30-5-2013.)

ശുപാർശ

4216-01-106-96—നഗരപ്രദേശങ്ങളിലെ ദുർബലവിഭാഗങ്ങൾക്കുള്ള നവീന ഭവന പദ്ധതി

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരപ്രദേശങ്ങളിൽ നിന്നും വളരെ ദൂരത്തിൽ താമസിക്കുകയും ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് സർക്കാർ ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ വാടകയ്ക്ക് നൽകുന്ന ഈ പദ്ധതി കോഴിക്കോട്, കുട്ടനെല്ലൂർ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിനായി ഭൂമിവില കൂടി ലഭ്യമാകേണ്ടതുണ്ട്. ആയതിനാൽ ഈ പദ്ധതിക്കായി 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

നാലുകോടി രൂപയിൽ പദ്ധതി പരിമിതപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി തുടങ്ങിയതിനാൽ അധികതുക ഇനിയാവശ്യമില്ലെന്ന് ഭവനനിർമ്മാണ ബോർഡ് അറിയിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ 4098/ബി2/2012/ഭവനം തീയതി 8-5-2013.)

ശുപാർശ

4216-80-190-97—കേരള സംസ്ഥാന ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ-നിക്ഷേപം

2011-12 വർഷത്തിലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തിന്റേതായ ഒരു ഹൗസിംഗ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കുമെന്ന്

പ്രഖ്യാപിച്ചതനുസരിച്ച് 9-3-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ഹൗസിംഗ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചു കൊണ്ട് ഉത്തരവായി. ആയതിന്റെ രൂപീകരണത്തിനായി 2011-12-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 1 കോടി രൂപയും തുടർന്ന് ഇതിന്റെ പ്രാരംഭ ചെലവുകൾക്കായി സപ്ളിമെന്ററി ഗ്രാന്റ് ഫോർ ഡിമാന്റിൽ ഉൾപ്പെടുത്തി 2 ലക്ഷം രൂപയും അനുവദിച്ചിരുന്നു. നടപ്പു സാമ്പത്തികവർഷം ഇതിലേക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

പൊതുമേഖലയിൽ സ്ഥാപിക്കുന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തന മൂലധനമായി 10 കോടി രൂപയുടെ നിക്ഷേപ ആസ്തി ഉണ്ടെങ്കിൽ മാത്രമെ നാഷണൽ ഹൗസിംഗ് ബാങ്കിന്റെ അംഗീകാരം ലഭിക്കുകയുള്ളൂ. നാഷണൽ ഹൗസിംഗ് ബാങ്കിന്റെ അംഗീകാരത്തോടു കൂടി മാത്രമെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ സ്ഥാപനത്തിന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അംഗീകാരം ലഭിക്കുകയുള്ളൂ. ആയതിനാൽ സ്ഥാപനത്തിന്റെ അംഗീകാരത്തിനും പ്രവർത്തനാരംഭത്തിനുമായി പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ 2012-13 വർഷത്തിൽ പ്രവർത്തന മൂലധനത്തിനായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9, 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

14-3-2013-ലെ സ.ഉ.(ആർറ്റി.) നമ്പർ 23/13/ഭവനം പ്രകാരം 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന വഴി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 4098/ബി2/2012/ഭവനം തീയതി 8-5-2013.)

6216-80-190-98—<u>സാഫല്യം ഭവന പദ്ധതി (പാർപ്പിടാവകാശ പദ്ധതി-ഭവനരഹിതരായ ആളുകൾക്കുള്ള ഭവന പദ്ധതി)</u>

ഭൂഭവനരഹിതരായ EWS വിഭാഗക്കാർക്ക് ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്നതിന് 1 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡിയായി വിതരണം ചെയ്യുന്നതിനായി സർക്കാർ ബജറ്റിലൂടെ തുക അനുവദിക്കുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിലൂടെ 1008 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി 10.08 കോടി രൂപ ബജറ്റ് വിഹിതം ആവശ്യമായിരുന്നുവെങ്കിലും 1 കോടി രൂപ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഈ സാമ്പത്തികവർഷത്തിൽ പദ്ധതിക്കായി 25 കോടി രൂപ ആവശ്യപ്പെട്ട സ്ഥാനത്ത് 17 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ ഈ പദ്ധതിക്കായി 8 കോടി രൂപ അധികമായി അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തതമൂലം അധികതുക വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 4098/ബി2/2012/ഭവനം തീയതി 8-5-2013.)

ശുപാർശ

6216-80-201-98—സർക്കാർ ഉദ്യോഗസ്ഥകൾക്കുള്ള ഹോസ്റ്റൽ(75% കേന്ദ്ര വിഹിതം)

2012-13 സാമ്പത്തികവർഷത്തിൽ കട്ടപ്പന, മുട്ടം (Addl. Block) തിരുവനന്തപുരം/ കോഴിക്കോട് എന്നിവിടങ്ങളിൽ കേന്ദ്ര സഹായത്തോടുകൂടിയുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി നടപ്പിലാക്കുന്നതിനായി 3.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സർക്കാർ സ്വീകരിച്ച നടപടി

ശുപാർശ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ട്. 19-6-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 53/12/ഭവനം പ്രകാരം കട്ടപ്പനയിലും സ.ഉ. (എംഎസ്.) 54/12/ഭവനം പ്രകാരം കോഴിക്കോടും 22-10-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 69/ 12/ഭവനം പ്രകാരം മുട്ടത്ത് നിലവിലുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് Additional Block പണിയുന്നതിനുള്ള ഭരണാനുമതി നൽകിയിരുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്ന് പണം സ്വരൂപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

(സർക്കാർ കത്ത് നമ്പർ 4098/ബി2/2012/ഭവനം തീയതി 8-5-2013.)

ശുപാർശ

**ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പരാമർശിക്കാത്ത ഡിമാന്റുകൾ**

**സാന്ത്വനം വാടക വീട് പദ്ധതി**

കാൻസർ പോലുള്ള മാരകരോഗങ്ങൾക്ക് അടിമപ്പെട്ട് മെഡിക്കൽ കോളേജുകളിൽ ചികിത്സയ്ക്കു വിധേയരാകുന്ന സമൂഹത്തിലെ ദുർബലവിഭാഗത്തിൽപ്പെട്ട രോഗികൾക്ക് മിതമായ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി മെഡിക്കൽ കോളേജുകൾക്കു സമീപമുള്ള സർക്കാർ ഭൂമികളിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് വാടകയ്ക്കു നൽകുന്നതിനുള്ള നൂതന പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷത്തെ സർക്കാർ ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ദുർബല വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് വളരെ ആശ്വാസം നൽകുന്ന ഈ സാന്ത്വനം വാടകവീട് പദ്ധതിക്കായി നടപ്പു സാമ്പത്തികവർഷം 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തതമൂലം അധികതുക വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 4098/ബി2/2012/ഭവനം തീയതി 8-5-2013.)

ശുപാർശ

**റവന്യൂ ടവർ പദ്ധതി**

ഹരിപ്പാട്, കട്ടപ്പന, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ ഭവനനിർമ്മാണ ബോർഡ് വഴി റവന്യൂ ടവർ നിർമ്മിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2012-13 സാമ്പത്തികവർഷത്തെ എസ്റ്റിമേറ്റിലൂടെ 10 കോടി രൂപ ആവശ്യപ്പെട്ടുവെങ്കിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ നടപ്പു സാമ്പത്തികവർഷത്തിൽ റവന്യൂ ടവർ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തതമൂലം അധികതുക വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 4098/ബി2/2012/ഭവനം തീയതി 8-5-2013.)

ശുപാർശ

**മൈത്രീ വായ്പാ പദ്ധതി-എഴുതിത്തള്ളിയ ബാദ്ധ്യത**

ദുർബല വിഭാഗങ്ങൾക്കായി സംസ്ഥാന ഭവനനിർമ്മാണ ബോർഡുവഴി 1996 മുതൽ നടപ്പിലാക്കിയ പദ്ധതിയാണ് മൈത്രീ വായ്പാ പദ്ധതി. 19,000 രൂപ ഹഡ്കോ വായ്പയും 9,000 രൂപ സർക്കാർ സബ്സിഡിയും ഉൾപ്പെട്ടതാണ് വായ്പാ തുക. വായ്പാ കാലാവധി 14 വർഷമാണ്. ഈ പദ്ധതി പ്രകാരം 264951 വീടുകളാണ് പൂർത്തിയാക്കിയത്. അതിൽ 148086 പേർ ആന്വിറ്റി പദ്ധതിപ്രകാരം തിരിച്ചടവിൽ നിന്നും ഒഴിവാക്കപ്പെട്ടവരും 116865 പേർ പ്രതിമാസം തിരിച്ചടവ് നടത്തി വരുന്നവരുമായിരുന്നു. 2011-2012-ലെ ബഡ്ജറ്റിൽ മൈത്രീ പദ്ധതിയിൽ അവശേഷിക്കുന്ന വായ്പക്കാരുടെ ബാദ്ധ്യത എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ചിരുന്നു. 8-11-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം 38384 വായ്പക്കാരുടെ ബാദ്ധ്യതയായ 137.94 കോടി രൂപ എഴുതിത്തള്ളിയിരുന്നു. മൈത്രീ പദ്ധതിക്ക് 8.5% പലിശ സബ്സിഡി അനുവദിച്ചിരുന്നു. പലിശ സബ്സിഡി ഇനത്തിൽ 178.1 കോടി രൂപ ബോർഡിന് ലഭിക്കേണ്ടതുണ്ട്. ആയതിനാൽ മൈത്രീ പദ്ധതിയുടെ ബാദ്ധ്യത അവസാനിപ്പിക്കുന്നതിലേക്ക് 316.04 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഹഡ്കോ ബാദ്ധ്യത-സെറ്റിൽമെന്റ്**

2009-ലെ റീഷെഡ്യൂളിംഗ് പ്രകാരം ബോർഡിന്റെ വായ്പയ്ക്ക് 2012 മാർച്ച് 31 വരെ മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. റീഷെഡ്യൂളിംഗ് വ്യവസ്ഥ പ്രകാരം 31-3-2012-ൽ ബോർഡിന്റെ വായ്പയിൽ മുതൽ ഇനത്തിലുണ്ടായിരുന്ന 730 കോടി രൂപ അടച്ച് തീർക്കണമായിരുന്നു. 2011-2012-ലെ റിവൈസ്ഡ് ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന 250 കോടി രൂപയും കണ്ടിജൻസി ഫണ്ടിൽ നിന്നും ലഭിച്ച 19.79 കോടി രൂപയും ഉൾപ്പെടെ 269.79 കോടി രൂപ ഹഡ്കോയ്ക്ക് നൽകിക്കഴിഞ്ഞു.

വരും വർഷങ്ങളിൽ ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതി കളിലൂടെ ഉണ്ടാകുന്ന വരുമാനത്തിൽ നിന്നും സർക്കാർ ഹഡ്കോയ്ക്ക് നൽകുന്ന തുക ബോർഡ് സർക്കാരിലേക്ക് തിരിച്ചടച്ച് ബാദ്ധ്യത തീർക്കുന്നതാണ്. 2012-13 വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 50 കോടി രൂപ മാത്രമാണ് വകകൊള്ളിച്ചിട്ടുള്ളത്. ഇത് തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ആവശ്യത്തിലേക്കായി 120 കോടി രൂപ കൂടി അധികമായി വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18, 19)

സർക്കാർ സ്വീകരിച്ച നടപടി

ഹഡ്കോ വായ്പ അടച്ചു തീർക്കുന്നതിനായി 13-1-2012-ലെ സ.ഉ. (ആർടി.) നമ്പർ 5/2012/ഹൗസിംഗ് പ്രകാരം മുതലിനത്തിൽ ബാക്കിനില്പുള്ള തുക 8 ത്രൈമാസ തവണകളായി അടച്ചു തീർക്കുവാൻ ധാരണയായിട്ടുണ്ട്. ടി ഉത്തരവ് മന്ത്രിസഭാ തീരുമാനപ്രകാരം പുറപ്പെടുവിച്ചതാണ്. മൈത്രിഭവന പദ്ധതിയിൽ പലിശ, വായ്പാ കുടിശ്ശിക എന്നിവ അടച്ചു തീർക്കുന്നതിന് 2008-09-ലെ അവസാന ഉപധാനഭ്യർത്ഥനയിൽ 255 കോടി രൂപയും 26-3-2010-ലെ സ.ഉ.(ആർടി.) നമ്പർ 2421/2010/ധന. പ്രകാരം കണ്ടിജൻസി ഫണ്ടിൽ നിന്ന് 26.27 കോടി രൂപയും 2010-11-ലെ അവസാന ഉപധനാഭ്യർത്ഥനയിൽ 20 കോടി രൂപയും 30-3-2011-ലെ സ.ഉ.(ആർടി.) നമ്പർ 2569/11/ധന. പ്രകാരം കണ്ടിജൻസി ഫണ്ടിൽ നിന്ന് 19 കോടി രൂപയും 2011-12-ലെ പുതുക്കിയ ബജറ്റിൽ 250 കോടി രൂപയും 30-3-2012-ലെ സ.ഉ.(ആർടി.) നമ്പർ 2933/12/ധന. പ്രകാരം കണ്ടിജൻസി ഫണ്ടിൽ നിന്ന് 19.79 കോടി രൂപയും 2012-13-ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ബഹു. ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ച 150 കോടി രൂപയിൽ ബജറ്റിൽ ഉൾക്കൊള്ളിക്കാതിരുന്ന 100 കോടി രൂപ ഉൾപ്പെടുത്തിയിട്ടുള്ളതും ആകുന്നു. 2008-09 സാമ്പത്തിക വർഷം മുതൽ ഇതുവരെ 866.782 കോടി രൂപ ഹൗസിംഗ് ബോർഡിന് നൽകിയിട്ടുണ്ട്. 2013 ജൂൺ 30-ന് അവസാനിക്കുന്ന ത്രൈമാസ തവണയ്ക്കുള്ള 66.298 കോടി രൂപയുടെ ശുപാർശ പരിശോധിച്ചുവരികയാണ്.

(സർക്കാർ കത്ത് നമ്പർ 4099/സി1/2012/ഭവനം തീയതി 30-5-2013.)

## ധനാഭ്യർത്ഥന നമ്പർ XXII—നഗരവികസനം

ശുപാർശ

2217-01-800-99 —തലസ്ഥാന നഗരവികസന പദ്ധതി

34—മറ്റു ചെലവുകൾ

തലസ്ഥാന നഗരവികസനത്തിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്ന തലസ്ഥാന മേഖല വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി '2217-01-800-99-34-മറ്റ് ചെലവുകൾ' എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 1167 ലക്ഷം രൂപ അപര്യാപ്തമാണ്. ആയതിനാൽ ഈ പദ്ധതി പ്രകാരം നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളായ നഗര റോഡുകളുടെ വികസനം, തിരുവനന്തപുരം

(ഹ്രസ്വകാല) കുടിവെള്ളപദ്ധതി, തിരുവനന്തപുരം ബസ് ടെർമിനൽ വികസനവും ഈഞ്ചക്കലിൽ പുതിയ ബസ് ടെർമിനൽ നിർമ്മിക്കലും എന്നിവയുടെ നടത്തിപ്പിലേക്ക് 50 കോടി രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ വിഭവലഭ്യതയുടെ പരിമിതിമൂലം അധികതുക നൽകുന്ന കാര്യം പരിഗണിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

ശുപാർശ

നഗര റോഡുകളുടെ വികസനത്തിനായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിലും പല റോഡുകളും വികസിപ്പിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. 2005-ലെ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിൽ പ്രവൃത്തി നടത്തുവാൻ ആരും മുന്നോട്ടുവരാത്തതാണ് ഇതിനുള്ള കാരണമെന്ന് സമിതി കരുതുന്നു. 2005-ലെ നിരക്കിനേക്കാളും ചെലവ് വളരെയധികം വർദ്ധിച്ചിട്ടുള്ളതിനാൽ എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. ടെണ്ടർ എക്സസ് ഇനത്തിൽ നിലവിൽ 164 കോടി രൂപ കുടിശ്ശികയും നിലനിൽക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിലേക്കായി അടിയന്തിരമായി 500 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

വകയിരുത്തി ലഭ്യമാക്കിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013.)

ശുപാർശ

2217-03-191-74—ചെറുകിട-ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി

പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സ്ഥായിയായ പൊതു ആസ്തികൾ സൃഷ്ടിച്ചും സാമ്പത്തിക വളർച്ചയും തൊഴിൽ മേഖലകളും സൃഷ്ടിക്കുന്ന കേന്ദ്രങ്ങളായി ഇടത്തരം നഗരങ്ങളെ മാറ്റുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഈ പദ്ധതിയിൽ 80% കേന്ദ്ര വിഹിതവും 10% സംസ്ഥാന വിഹിതവും 10% നഗരസഭ വിഹിതവുമാണ്.

2012-13 സാമ്പത്തികവർഷത്തിൽ ഈ പദ്ധതി പ്രകാരം അംഗീകരിച്ച വിവിധ പദ്ധതികൾക്ക് ആവശ്യമായിവരുന്ന തുക, അധിക ദർഘാസ് തുക (Tender Excess), പുതുക്കിയ പദ്ധതി തുക, വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള

ആനുകൂല്യം (DPR Preparation cost) എന്നീ ഇനങ്ങളിലും ഇതുവരെയും ആരംഭി ക്കാത്ത പദ്ധതികൾക്ക് പകരം പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 17320 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 12921 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ആവശ്യങ്ങളിലേക്ക് ഈ സാമ്പത്തികവർഷം 4399 ലക്ഷം രൂപ കൂടി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22, 23)

സർക്കാർ സ്വീകരിച്ച നടപടി

വകയിരുത്തി ലഭ്യമാക്കിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013.)

2217-05-001-99—മുഖ്യ നഗര ആസൂത്രകന്റെ ആഫീസ്

05-4—മറ്റിനങ്ങൾ

നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മുഖ്യനഗരാസൂത്രകന്റെ കാര്യാലയം സ്വരാജ് ഭവനിൽ അനുവദിച്ചിട്ടുള്ള പുതിയ കെട്ടിടത്തിലേക്ക് ഈ സാമ്പ ത്തികവർഷം തന്നെ മാറ്റുന്നതിനോടനുബന്ധിച്ച് പുതിയ ഫർണിച്ചർ വാങ്ങുന്നതിനും, കാര്യാലയം സജ്ജീകരിക്കുന്നതിനും, കമ്പ്യൂട്ടർ എ.എം.സി. പുതുക്കുന്നതിനും മറ്റുമായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

വകയിരുത്തി ലഭ്യമാക്കിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013.)

ശുപാർശ

2217-05-800-89—ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷൻ

തിരുവനന്തപുരം നഗരസഭയിൽ സ്വിവറേജ് പ്ലാന്റ് ആരംഭിക്കുന്നതിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 50 കോടി രൂപയും മുനിസിപ്പാലിറ്റികളിലെ ശുദ്ധജലവിതരണം സുഗമമാക്കുന്നതിനായി കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റിയിടുന്നതുമായി ബന്ധപ്പെട്ട റോഡ് കട്ടിംഗിനായി 4.88 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

മുനിസിപ്പാലിറ്റികളിലെ ശുദ്ധജലവിതരണം കാര്യക്ഷമമാക്കുവാൻ അടിസ്ഥാന വിവരങ്ങൾ ലഭ്യമാകുന്നതിന് നടത്തേണ്ട സർവ്വേയുടെ ചെലവിലേക്കാവശ്യമായ തുകയുടെ 10% കേരള വാട്ടർ അതോറിറ്റിയിൽ അടയ്ക്കേണ്ടതുണ്ട്. അപ്രകാരം കെട്ടിവയ്ക്കാനുള്ള തുക നൽകാത്തതുകാരണം കുടിവെള്ളപദ്ധതിക്കായുള്ള

പണികൾ മുടങ്ങിക്കിടക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈയിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകുന്നതിനാവശ്യമായ തുക അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28, 29)

സർക്കാർ സ്വീകരിച്ച നടപടി

വകയിരുത്തി ലഭ്യമാക്കിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013.)

## ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

ശുപാർശ

2515-00-003-99—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ - സഹായധനം

ജനാധിപത്യ അധികാര വികേന്ദ്രീകരണ-പ്രാദേശിക ഭരണ പരിശീലന സ്ഥാപനമെന്ന നിലയിൽ അന്തർദ്ദേശീയ പ്രശസ്തിയാർജ്ജിച്ച സ്ഥാപനമാണ് 'കില'. പ്രാദേശിക ഭരണത്തിലും ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിലും ആഴമേറിയ പഠനങ്ങളും കോഴ്സുകളും പുതിയ സാഹചര്യത്തിന്റെ ആവശ്യകതയായി ഉയർന്നുവന്നിട്ടുള്ളതിനാൽ കിലയെ കല്പിത സർവ്വകലാശാലയായി ഉയർത്തുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം തേടിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരിക്കുന്ന വിഹിതത്തിനുപുറമേ 10 കോടി രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ നടപ്പുവർഷം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് പ്രകാരമോ അഡീഷണൽ ആതറൈസേഷൻ ആയോ 2012-13 സാമ്പത്തിക വർഷം 10 കോടി രൂപ അധികമായി അനുവദിച്ചു നൽകിയില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013.)

ശുപാർശ

2515-00-101-98—പഞ്ചായത്ത്രാജ് ജേർണലിന്റെ പ്രസിദ്ധീകരണം

ഈ ശീർഷകത്തിൽ 2011-12 വർഷത്തെ വിഹിതമായി 11,05,000 രൂപയാണ് വകകൊള്ളിച്ചിരുന്നത്. പഞ്ചായത്ത് രാജ് മാസികയുടെ ഘടനയിൽ ഗുണപരമായ മാറ്റം വരുത്തുന്നതിനായി പ്രസ്തുത ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്ന് സമിതിയുടെ 2011-2012 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

1-ാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. എന്നാൽ 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ തന്നെ 1,49,000 രൂപ കുറവ് വരുത്തി കൊണ്ടാണ് 2012-13 വർഷത്തേക്ക് ബഡ്ജറ്റ് വിഹിതം അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷം അനുവദിച്ച തുകയേക്കാൾ (11,05,000 രൂപ) കുറയാത്ത ഒരു തുക അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അനുവദിച്ച് നൽകിയില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013.)

<u>ശുപാർശ</u>

2515-00-196-39—<u>ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ</u>

ജില്ലാ പഞ്ചായത്തുകളിൽ ആർ.ഐ.ഡി.എഫ്. XI മുതൽ XVI വരെ ട്രാൻഷെകളിൽ മൊത്തം 164 പ്രോജക്ടുകൾ ഈ പദ്ധതിപ്രകാരം അനുവദിച്ചതിൽ 66 പ്രോജക്ടുകൾ റദ്ദു ചെയ്യേണ്ടിവന്നിട്ടുണ്ട്. കൂടാതെ 8 പ്രോജക്ടുകൾ ഇനിയും ആരംഭിച്ചിട്ടില്ല. ശേഷിക്കുന്നതിൽ 37 പ്രോജക്ടുകൾ പൂർത്തിയാക്കുകയും 53 പ്രോജക്ടുകളുടെ നിർവ്വഹണം പുരോഗമിച്ചു വരികയുമാണ്. 2012-13 സാമ്പത്തിക വർഷം ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി 49.49 കോടി രൂപയുടെ റോഡ് വികസന ത്തിനുള്ള സ്പെഷ്യൽ പാക്കേജിന് അംഗീകാരം നൽകുകയുണ്ടായി. ഈ പദ്ധതി യുടെ പ്രവർത്തനത്തിനായി 800 ലക്ഷം രൂപയുടെ അധിക ധനവിനിയോഗം പ്രതീ ക്ഷിക്കുന്നു. ആയതിനാൽ ഈ സാമ്പത്തികവർഷം 850 ലക്ഷം രൂപകൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അനുവദിച്ച് നൽകിയില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013.)

<u>ശുപാർശ</u>

2515-00-197-39—<u>ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ</u>

സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആർ.ഐ.ഡി.എഫ്. XI മുതൽ XVI വരെയുള്ള ട്രാൻഷെകളിലായി 198 പ്രോജക്ടുകളാണ് അനുവദിച്ചിട്ടുള്ളത്.

ഇതിൽ 56 പ്രോജക്ടുകൾ പൂർത്തിയാക്കുകയും 54 പ്രോജക്ടുകൾ നിലവിൽ നടപ്പാക്കിവരുന്നുമുണ്ട്. 20 പ്രോജക്ടുകൾ റദ്ദു ചെയ്തിട്ടുണ്ട്. കുറഞ്ഞത് 10 കോടി രൂപയെങ്കിലും 2012-13 വർഷം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനസഹായമായി നൽകേണ്ടിവരുമെന്ന് കണക്കാക്കുന്നു. ആയതിനാൽ 3.20 കോടി രൂപകൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച് ലഭിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

ശുപാർശ

2515-00-198-37—നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ-ഗ്രാമവികസന പദ്ധതി (വി. ഡി. പി.)

2009-10 വർഷത്തിലെ ആർ.ഐ.ഡി.എഫ്. XV-ൽ ഉൾപ്പെടുത്തി നബാർഡ് ഏറ്റെടുത്ത് നടപ്പാക്കിവരുന്ന പൈലറ്റ് പദ്ധതിയാണ് ഗ്രാമവികസന പദ്ധതി (വി.ഡി.പി.). ഈ പദ്ധതി പ്രകാരം 700.80 ലക്ഷം രൂപ അടങ്കൽ വരുന്ന 52 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയുണ്ടായി. ഇതിന്റെ നബാർഡ് വിഹിതം 569.87 ലക്ഷം രൂപയാണ്. ഈ സാമ്പത്തികവർഷം നബാർഡ് വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി 300.00 ലക്ഷം രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച് നൽകിയില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

ശുപാർശ

2515-00-800-87—തദ്ദേശ ഗവൺമെന്റുകൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ

06—വാടക, കരം, നികുതി

ഓംബുഡ്സ്മാൻ ഓഫീസിന്റെ കെട്ടിട വാടകയിനത്തിൽ 2012-13 സാമ്പത്തിക വർഷം 10,01,568 രൂപ ആവശ്യമായി വരുന്നു. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 1,50,000 രൂപ കിഴിച്ച് ബാക്കിവരുന്ന 8,51,568 രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

25-6-012-ലെ ജി.ഒ.(ആർറ്റി.) 6144/2012/ധന. ഉത്തരവ് പ്രകാരം 5,00,000 രൂപയും 1-11-2012-ലെ ജി.ഒ.(ആർറ്റി.) 9286/2012/ധന. ഉത്തരവ് പ്രകാരം 3,52,000 രൂപയും 2515-00-800-87-06-(NP-V) എന്ന ശീർഷകത്തിൽ അധികതുക അനുവദിച്ചിട്ടുണ്ട് (ആകെ 8,52,000 രൂപ)

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

ശുപാർശ

2515-00-800-92—തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ കശാപ്പുശാലകൾ സ്ഥാപിക്കൽ

മോഡേണൈസ്ഡ് കശാപ്പുശാലകൾ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്കുള്ള നിലവിലുള്ള വിഹിതം 20 ലക്ഷത്തിൽ നിന്ന് 40 ലക്ഷമായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച് നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

ശുപാർശ

2515-00-800-94—റെയിൽവേ ലെവൽ ക്രോസിങ്ങുകളുടെ സംരക്ഷണം-സഹായധനം

ഗ്രാമീണ മേഖലയിൽ റയിൽവേ ലവൽ ക്രോസിംഗുകളുടെ നിർമ്മാണത്തിനും സംരക്ഷണത്തിനുമായി ഗ്രാമപഞ്ചായത്ത് ചെലവിടുന്ന തുകയുടെ പകുതി ഗ്രാന്റായി നൽകുന്നതിനായുള്ള തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ 2012-13 വർഷം ബഡ്ജറ്റ് വിഹിതമായി നൽകിയിരിക്കുന്ന 2,90,000 രൂപ തീരെ അപര്യാപ്തമാണ്. കൂടാതെ പ്രസ്തുത ഇനത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ റെയിൽവേക്ക് നൽകുവാനുള്ള തുക കുടിശ്ശികയായുണ്ട് എന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 2.5 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച് നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013.)

ശുപാർശ

2515-00-800-98—പഞ്ചായത്തുകളിൽ ശ്മശാനങ്ങൾ തുറക്കുന്നതിനും സംരക്ഷിക്കുന്നതിനും സഹായധനം

ശ്മശാന നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് നിലവിൽ അനുവദിക്കുന്ന 10 ലക്ഷം രൂപ വളരെ അപര്യാപ്തമാണ്. ഗ്യാസ് കൊണ്ടോ വൈദ്യുതി കൊണ്ടോ പ്രവർത്തിക്കുന്ന ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനായി വളരെയധികം ചെലവ് വരുമെന്നതിനാൽ ഇതിനായി ഓരോ ഗ്രാമ പഞ്ചായത്തിനും അനുവദിക്കുന്ന തുക 20 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

2012-13 കാലയളവിൽ ഈ ഇനത്തിൽ ഓരോ ഗ്രാമപഞ്ചായത്തിനും 20 ലക്ഷം രൂപ അധികമായി അനുവദിച്ചു നൽകിയിരുന്നില്ല. കൂടാതെ 5,00,00,000 രൂപ എന്നത് റിവൈസ്ഡ് എസ്റ്റിമേറ്റിൽ 2,50,00,000 രൂപയായി കുറയുകയും ചെയ്തിരുന്നു.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം. 2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013.)

ശുപാർശ

4515-00-800-98—പി.എം.ജി.എസ്സ്.വൈ. പദ്ധതികൾക്കുള്ള സംസ്ഥാന ധനസഹായം

ഗ്രാമങ്ങളിലെ ഒറ്റപ്പെട്ടുകിടക്കുന്ന ആവാസകേന്ദ്രങ്ങളെ എല്ലാ കാലാവസ്ഥയിലും ഉപയോഗ യോഗ്യമായ റോഡുകൾ നിർമ്മിച്ച് പ്രധാന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന ഈ പദ്ധതി 100% കേന്ദ്ര സർക്കാരിന്റെ ധനസഹായമുള്ളതാണ്.

പദ്ധതി മാർഗ്ഗരേഖ പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ച അടങ്കൽ തുകയിൽ നിന്നും അധികരിച്ച തുക വഹിക്കേണ്ടത് സംസ്ഥാന സർക്കാരാണ്. ഈ പദ്ധതിയിലെ പ്രവൃത്തികൾ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കുവാൻ കഴിയാത്തതിന്റെ കാരണം എസ്റ്റിമേറ്റ് തുകയും സാധന സാമഗ്രികളുടെ കമ്പോള വിലനിലവാരവും തമ്മിലുള്ള അന്തരമാണ്. സർക്കാർ ഉത്തരവ് നമ്പർ (കൈ.) 293/2011/ത.സ്വ.ഭ.വ തീയതി 23-2-2012 പ്രകാരം 2011-ലെ ഷെഡ്യൂൾ ഓഫ് റേറ്റിൽ 303 പ്രവർത്തികൾ പുതുക്കി ടെണ്ടർ ചെയ്യുവാൻ അനുമതി നൽകിയിരുന്നു. ഈ ഇനത്തിൽ 90 കോടി രൂപ സംസ്ഥാന ബാധ്യതയാണ്. ഈ ഇനത്തിൽ 35 കോടി രൂപ 2012-13 സാമ്പത്തിക വർഷത്തിൽ വകയിരുത്തേണ്ടതാണെന്ന് സമിതി വിലയിരുത്തി.

കൂടാതെ സർക്കാർ ഉത്തരവ് നമ്പർ (കൈ.) 75/12/ത.സ്വ.ഭ.വ തീയതി 23-3-2012 പ്രകാരം ഈ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിൽ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡമനുസരിച്ച് ടെണ്ടർ പ്രീമിയം അനുവദിച്ച് അവാർഡ് ചെയ്യുന്നതിനും, ഇതിനാവശ്യമായ അധികതുക സംസ്ഥാന ബഡ്ജറ്റിൽനിന്നും വഹിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ ഇനത്തിൽ

അധികമായി ആവശ്യമായിവരുന്ന 19 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തേണ്ട താണെന്നും ഇതു കൂടാതെ മുൻവർഷങ്ങളിലെ പ്രവൃത്തികൾക്ക് ടെണ്ടർ പ്രീമിയം അനുവദിച്ച ഇനത്തിലും നിർമ്മാണ സാമഗ്രികളുടെ വിലവ്യത്യാസം നൽകുന്ന ഇനത്തിലും 10 കോടി രൂപയും വകയിരുത്തേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

പദ്ധതി നടത്തിപ്പിന് തടസ്സമായി നിൽക്കുന്ന വൈദ്യുതി, ടെലിഫോൺ, വാട്ടർ അതോറിറ്റി എന്നിവയുടെ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ഈ ഇനത്തിൽ 4 കോടി രൂപയും പി.എം.ജി.എസ്.വൈ. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലുള്ള പ്രവൃത്തികൾക്ക് കരാർ ഉറപ്പിക്കുകയും കരാറുകാരുടെ അല്ലാത്ത കാരണത്താൽ തടസ്സപ്പെട്ട് കിടക്കുന്ന 57 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കി പണി തീർക്കുന്നതിന് അധികമായി വേണ്ടി വരുന്ന 32 കോടി രൂപയും സംസ്ഥാന ബജറ്റിൽ വകയിരുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി.

മേൽ വിവരിച്ചിട്ടുള്ള എല്ലാ ഇനങ്ങളിലുമായി ആകെ 100 കോടി രൂപ ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിൽ ഈ സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന ബജറ്റ്വിഹിതം കിഴിച്ച് ബാക്കിവരുന്ന 53.65 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46, 47, 48, 49, 50)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം. 2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

## ധനാഭ്യർത്ഥന നമ്പർ XXXVI—സാമൂഹ്യ വികസനം

2501-06-197-48—കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള ബ്ളോക്ക് ഗ്രാന്റ്

01—ഇന്ദിര ആവാസ് യോജന-ജനറൽ (25% സംസ്ഥാന വിഹിതം)

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വീടു നിർമ്മിച്ചു നൽകുന്ന ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 75:25 എന്ന അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുക വഹിക്കുന്നത്. നിലവിൽ ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് യഥാക്രമം 2 ലക്ഷം രൂപയും 2.5 ലക്ഷം രൂപയുമാണ് അനുവദിക്കുന്നത്. ഈ പദ്ധതി പ്രകാരം സംസ്ഥാന വിഹിതമായി നൽകുന്ന തുക വീടൊന്നിന് 75,000 രൂപയായി വർദ്ധിപ്പിക്കണമെന്നും ഇതുമൂലമുണ്ടാകുന്ന അധിക ബാദ്ധ്യതയ്ക്കുള്ള തുകകൂടി സംസ്ഥാന ബജറ്റിൽ വകയിരുത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഈ പദ്ധതി പ്രകാരം 2012-13 സാമ്പത്തികവർഷം 35540 വീടുകൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുകയ്ക്കു പുറമെ 375 കോടി രൂപകൂടി നടപ്പുവർഷം വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54, 55)

സർക്കാർ സ്വീകരിച്ച നടപടി

ശുപാർശകളിൽ (ഐ.എ.വൈ.) 30-3-2013-ലെ ജി.ഒ. (ആർറ്റി.) 2684/2013/ധന. ഉത്തരവ് പ്രകാരം 42.66 കോടി രൂപ ധനപുനഃവിനിയോഗം വഴി ലഭ്യമാക്കിയിരുന്നു.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം. 2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

ശുപാർശ

2515-00-003-47—എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ

34—മറ്റു ചെലവുകൾ

ഗ്രാമവികസന വകുപ്പിനു കീഴിലുള്ള വികസന പരിശീലന കേന്ദ്രങ്ങളായ (ഇ.റ്റി.സി.) മണ്ണുത്തി, കൊട്ടാരക്കര, തളിപ്പറമ്പ് എന്നിവിടങ്ങളിൽ പരിശീലന പരിപാടികൾ നടത്തുന്നതിനും നിലവിലുള്ള പരിശീലന സൗകര്യം വർദ്ധിപ്പിക്കുന്നതിനും, ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതിമൂലം അധികതുക നൽകുന്ന കാര്യം പരിഗണിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

ശുപാർശ

2515-00-102-53—സംയോജിത തരിശുഭൂമി വികസന പരിപാടി/ഹരിയാലി (8.33 % സംസ്ഥാന വിഹിതം)

ഹരിയാലി, ഐ.ഡബ്ള്യൂ.എം.പി. ഒന്നാംഘട്ടം, രണ്ടാം ഘട്ടം, മൂന്നാംഘട്ടം എന്നിവയ്ക്ക് കേന്ദ്രവിഹിതമായി ലഭിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതം നൽകുന്നതിന് 8.87 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ വിഭവലഭ്യതയുടെ പരിമിതിമൂലം അധികതുക നൽകുന്ന കാര്യം പരിഗണിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം. 2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

ശുപാർശ

2515-00-102-61—പുനഃസംഘടിപ്പിക്കപ്പെട്ട കേന്ദ്രഗ്രാമീണ ശുചീകരണ പരിപാടി

സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടി പ്രകാരം സംസ്ഥാന വിഹിതത്തിന്റെ പ്രോജക്ട് അടങ്കൽ 5544.08 ലക്ഷം രൂപയാണ്. നാളിതുവരെ 4765.53 ലക്ഷം രൂപ സംസ്ഥാന വിഹിതമായി അനുവദിച്ചിട്ടുണ്ട്. ഇനി 778.55 ലക്ഷം രൂപ ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ കേന്ദ്ര സർക്കാർ ഉടൻ പുറപ്പെടുവിക്കുമെന്ന് അറിയിച്ചിട്ടുള്ളത് കൂടാതെ സംസ്ഥാനത്തിന്റെ 14 ജില്ലകളുടേയും നിലവിലുള്ള പ്രോജക്ട് പുതുക്കി സമർപ്പിക്കുവാനും അനുവാദം നൽകിയിട്ടുണ്ട്. അപ്രകാരം പ്രോജക്ട് പുതുക്കുമ്പോൾ ആകെ 10000 ലക്ഷം രൂപയുടെ അടങ്കൽ വർദ്ധിക്കുമെന്ന് കണക്കാക്കിയിട്ടുള്ളതായും ഈ തുകയുടെ 32% തുകയായ 3200 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വരുന്ന 5 വർഷത്തേക്ക് ആവശ്യമുള്ളതായും അതിന്റെ അടിസ്ഥാനത്തിൽ അതായത് 2012-13 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള പ്രോജക്ട് പൂർത്തീകരിക്കുവാൻ സംസ്ഥാന വിഹിതമായ 778.35 ലക്ഷം രൂപയ്ക്കുപരിയായി 640 ലക്ഷം രൂപകൂടി ആവശ്യമായി വരുന്നതാണെന്നും സമിതിക്ക് ബോധ്യമായി. ആയതിനാൽ പ്രസ്തുത തുക അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ വിഭവലഭ്യതയുടെ പരിമിതിമൂലം അധികതുക നൽകുന്ന കാര്യം പരിഗണിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം. 2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

ശുപാർശ

2515-00-197-36—ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ഓഫീസ് കെട്ടിടം

01—കെട്ടിട നിർമ്മാണം

ഇപ്പോൾ സ്ഥലം ലഭ്യമായിട്ടുള്ള 4 ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ശരാശരി 150 ലക്ഷം രൂപ വീതം 600.00 ലക്ഷം രൂപ വേണ്ടി വരുമെന്ന് സമിതി കണക്കാക്കുന്നു. ആയതിനാൽ ഇതിലേക്കായി 400 ലക്ഷം രൂപ കൂടി അധികമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ വിഭവലഭ്യതയുടെ പരിമിതിമൂലം അധിക തുക നൽകുന്ന കാര്യം പരിഗണിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം. 2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

2515-00-800-14—ഭവനശ്രീ വായ്പ ഏറ്റെടുക്കൽ

2010-11 സാമ്പത്തികവർഷം ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്ത ഇനത്തിൽ 30-6-2010 വരെയുള്ള കുടിശ്ശിക തുകയായ 24.74 കോടി രൂപയും, ഒന്നാം തിരിച്ചടവ് തവണയായ 26.26 കോടി രൂപയും ഉൾപ്പെടെ ആകെ 50.99 കോടി രൂപ 14 ബാങ്കുകൾക്ക് നല്കിയിട്ടുണ്ട്. രണ്ടാം ഗഡുവായി 26.39 കോടി രൂപ 2012 ഫെബ്രുവരി മാസം ബാങ്കുകൾക്ക് നല്കിയിട്ടുണ്ട്. 2012-13 സാമ്പത്തികവർഷത്തിൽ മൂന്നാം ഗഡു നൽകുന്നതിലേക്കായി 26.39 കോടി രൂപ വേണ്ടി വരും. ആയതിനാൽ നടപ്പു വർഷം ഈ ശീർഷകത്തിൽ അനുവദിച്ച വിഹിതത്തിനു പുറമേ 139 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

4-12-2012-ലെ ജി.ഒ.(ആർറ്റി.)10131/2012/ധന. ഉത്തരവ് പ്രകാരം 139.21 ലക്ഷം രൂപ അധിക തുക അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം. 2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

ശുപാർശ

2515-00-800-48—കുടുംബശ്രീ

ഭരണ നിർവ്വഹണം, സി.ഡി.എസ്. ആഡിറ്റ് എന്നിവ ഉൾപ്പെടുന്ന സംഘടനാ പ്രവർത്തനത്തിനും, ആശ്രയ, ബഡ്സ്, കുട്ടികളുടെ കായിക-ആരോഗ്യ പരിപാടി ഉൾക്കൊള്ളുന്ന സാമൂഹ്യ വികസന പരിപാടികൾക്കും മൈക്രോ ഫിനാൻസ്, യുവശ്രീ, സമഗ്ര എന്നിവ നടപ്പാക്കുന്ന പ്രാദേശിക വികസന പദ്ധതിക്കുംവേണ്ടി ഈ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതികൾ പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ വകുപ്പ് ആവശ്യപ്പെട്ട 120 കോടി രൂപയിൽ അനുവദിച്ച 84.17 കോടി രൂപ കിഴിച്ച് ബാക്കി 35.83 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതിമൂലം അധിക തുക നൽകുന്ന കാര്യം പരിഗണിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

ശുപാർശ

4515-00-103-99-04—സ്വരാജ് ഭവന്റെ നിർമ്മാണം

04—സജ്ജീകരിക്കൽ

സ്വരാജ് ഭവന്റെ നിർമ്മാണം 80% പൂർത്തീകരിച്ചിട്ടുണ്ട്. സ്വരാജ് ഭവനിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന ഓഫീസുകൾ നടപ്പുവർഷം തന്നെ ഷിഫ്റ്റ് ചെയ്യത്തക്ക തരത്തിൽ അടിയന്തിരമായി ഈ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനും ഓഫീസുകൾ സജ്ജീകരിക്കുന്നതിനുമായി നടപ്പുവർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമെ 7 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതിമൂലം അധിക തുക നൽകുന്ന കാര്യം പരിഗണിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

ശുപാർശ

മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി.)

എൻ. എൽ. ആർ. എം. ഉപ പദ്ധതിയായ മഹിളാ കിസാൻ ശാക്തീകരണ പരിയോജനയിൽ ഇതുവരെയായി 46,688 സംഘ ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്ത് കൃഷി ആരംഭിച്ചു കഴിഞ്ഞു. പദ്ധതിയുടെ ഭാഗമായി മാസ്റ്റർ കർഷകരെ കണ്ടെത്തുന്നതിലേക്ക് പഞ്ചായത്ത്, ക്ലസ്റ്റർ, സംസ്ഥാന തലങ്ങളിൽ ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 5488 മാസ്റ്റർ കർഷകരെ കണ്ടെത്തുകയും അവർക്ക് പരിശീലനം നൽകുന്നതിന് ആർ.പി.മാരെ സജ്ജരാക്കുന്നതിന് ആർ.പി.മാർക്ക് പരിശീലനം നൽകുകയും ചെയ്തു. എം.കെ.എസ്.പി.യുടെ ആകെ അടങ്കൽ തുക 79.90 കോടി രൂപയാണ്. ഇതിന്റെ 45.20% തുകയായ 36.14 കോടി രൂപ കേന്ദ്ര സർക്കാരിന്റെ എം.കെ.എസ്. പദ്ധതി മുഖേന ലഭ്യമാകുന്നു. 1.20 കോടി രൂപ തൊഴിലുറപ്പ് പദ്ധതി മുഖേനയും 14.70 കോടി രൂപ എൻ.ആർ.എൽ.എം. മുഖേനയും ലഭ്യമാകുന്നു. ബാക്കി 35% ആയ 27.90 കോടി രൂപ കുടുംബ ശ്രീക്ക് സംസ്ഥാന സർക്കാർ ലഭ്യമാക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നും വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതി മൂലം അധിക തുക നൽകുന്ന കാര്യം പരിഗണിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

ശുപാർശ

**അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി (അഹാഡ്സ്)**

745 ച.കി.മീ. വിസ്തൃതി വരുന്നതും പാരിസ്ഥിതികമായി തകർന്നടിഞ്ഞതുമായ ഭൂപ്രദേശമായ അട്ടപ്പാടിയുടെ പുനഃസ്ഥാപനത്തിന് വേണ്ടി രൂപംകൊണ്ട പദ്ധതി യാണ് അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി.

ക്ഷയോന്മുഖമായ തരിശുഭൂമിയുടെ വികസനം, മണ്ണ്-ജല-ജൈവ വ്യവസ്ഥകളുടെ സംരക്ഷണവും വികസനവും ആളുകൾക്ക് പ്രത്യേകിച്ചും ആദിവാ സികൾക്ക് സ്ഥിരമായി തൊഴിലവസരങ്ങളും ഉപജീവനമാർഗ്ഗവും ലഭിക്കത്തക്ക രീതിയിലുള്ള വികസനം എന്നിവയാണ് ഈ പദ്ധതിയുടെ ആത്യന്തികലക്ഷ്യം.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സമ്പൂർണ്ണ പാർപ്പിട പദ്ധതി, തണ്ണീർ കൊയ്ത്ത്, പരിസര ശുചിത്വം, ഊരുപാത വികസനം, തൊഴിൽദായക പ്രവർത്തനങ്ങൾ, പാരമ്പര്യേതര ഊർജ്ജ വികസനം, വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലുള്ള പശ്ചാത്തല സൗകര്യ വികസനം, ആദിവാസി ഹോസ്റ്റൽ, സൗകര്യ വികസനം, പരിസ്ഥിതി, സാക്ഷരത, കലാകായിക വികസനം, ഗോത്രവൈദ്യപരിരക്ഷ ണം, ജൈവവൈവിധ്യ സംരക്ഷണം എന്നിവ ഉൾക്കൊള്ളുന്നതാണ് ഈ സമഗ്ര സാമൂഹ്യ വികസന പരിപാടി.

പദ്ധതിക്കായുള്ള എക്സ്റ്റേണൽ അസിസ്റ്റന്റ്സ് 26-3-2010-ന് അവസാനിച്ചു വെങ്കിലും പദ്ധതിയുടെ പൂർത്തീകരിക്കാത്ത പണികൾ പൂർത്തീകരിക്കുവാനായി സർക്കാർ പദ്ധതി കാലാവധി 2012 മാർച്ച് 31 വരെ നീട്ടിനൽകിയിരുന്നു. അഹാഡ്സ്-ന്റെ ഭാവിപരിപാടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 12-1-2012-ൽ ബഹു. കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാലക്കാട് ജില്ലയിലെ ആദിവാസി ഗോത്ര സമൂഹത്തിന്റെയും വയനാട് ജില്ലയിലെ ഗോത്ര സമൂഹത്തിന്റെയും സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ടുള്ള പദ്ധതികളുടെ നടത്തിപ്പും അട്ടപ്പാടി അഗ്രികൾച്ചർ ഡെവലപ്മെന്റ് പ്രോജക്ടിന്റെ നടത്തിപ്പും അഹാഡ്സ് മുഖാന്തിരം നടപ്പാക്കുവാനും കൂടാതെ 1-1-2012 മുതൽ 31-3-2012 വരെയുള്ള കാലയളവിൽ അഹാഡ്സുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ഉദ്യോഗസ്ഥരെ നിലനിർത്തുവാനും ധാരണയായതായി സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തികവർഷം ആവശ്യമായ വിഹിതം മുൻപ് ഈ പേരിൽ നിലവിലുണ്ടായിരുന്ന അക്കൗണ്ട് ഹെഡിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64, 65, 66, 67)

സർക്കാർ സ്വീകരിച്ച നടപടി

ഡിസംബർ 2012-ലെ സപ്ലിമെന്ററി ഡിമാന്റ് ഗ്രാന്റ് മുഖേന ഈ ശീർഷ കത്തിൽ വകയിരുത്തിയെങ്കിലും അത് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ച പ്രകാരം, കേന്ദ്രം നൽകിയ തുക തിരിച്ചടച്ചത് ബഡ്ജറ്റിൽ ഉൾക്കൊളളിക്കാനായുളള 'അക്കൗണ്ടിംഗ് അഡ്ജസ്റ്റ്മെന്റ്' മാത്രമായിരുന്നു.

(സർക്കാർ കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

**ഭാഗം II**

2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാനുള്ള ശുപാർശകൾ

## ധനാഭ്യർത്ഥന നമ്പർ XXI—ഭവന നിർമ്മാണം

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

2012-13-ലെ ബജറ്റ് പ്രസംഗത്തിൽ നിർമ്മിതി കേന്ദ്രം ഏറ്റെടുത്ത് നടത്തേണ്ട ചില നൂതന പദ്ധതികൾ സംബന്ധിച്ച് പ്രഖ്യാപനം ഉണ്ടായിരുന്നു. പ്രസ്തുത പുതിയ പദ്ധതികൾക്കുവേണ്ടിയും നീക്കിയിരിപ്പ് തുക തീരെ അപര്യാപ്തമായ പദ്ധതികൾക്കുവേണ്ടിയും 340 ലക്ഷം രൂപ അനുവദിക്കണമെന്നും അതോടൊപ്പം പുതിയ നോൺ പ്ലാൻ ഹെഡ് അനുവദിച്ച് അതിൽ 100 ലക്ഷം രൂപ കെസ്നിക്കിന് വിഹിതമായി നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി പഞ്ചായത്തിൽ ഒരു മണൽ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1, 2)

2216-80-800-85—കോഴിക്കോട് ജില്ലയിലെ ബംഗ്ലാദേശ് കോളനിയിലെ 340 കുടുംബങ്ങളുടെ പുനരധിവാസത്തിന് ഫ്ളാറ്റ് നിർമ്മാണം

കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ 333 കുടുംബങ്ങളുടെ പുനരധിവാസ പദ്ധതിക്കായി 38 കോടി രൂപ ചെലവുവരുന്ന പദ്ധതി ബോർഡ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ആദ്യഘട്ടമായി 218 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി 15 കോടി രൂപ 2011-12 സാമ്പത്തിക വർഷത്തെ സർക്കാർ ബജറ്റിൽ വകയിരുത്തുകയും ഇതിൽ 8 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 7 കോടി രൂപ കൂടി ലഭ്യമാകേണ്ടതുണ്ട്. ഈ പദ്ധതിയുടെ രണ്ടാംഘട്ടമായി 115 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി 23 കോടി രൂപ നടപ്പു സാമ്പത്തികവർഷത്തേക്ക് ബോർഡ് ആവശ്യപ്പെട്ടുവെങ്കിലും 1000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ നടപ്പുവർഷംതന്നെ 8 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ

പദ്ധതി ഇനത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും പദ്ധതിയേതര ഇനങ്ങളിലെ ഫണ്ട് റഗുലറൈസേഷനും മറ്റു ചെലവുകൾക്കും അനുവദിച്ച തുക തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ പദ്ധതി ഇനത്തിൽ 5440 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 2432.13 ലക്ഷം രൂപയും പ്രസ്തുത ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കൂടാതെ 2012-13 വർഷത്തിൽ പദ്ധതി വിഹിതമായി 6340 ലക്ഷം രൂപയും മുൻകാലങ്ങളിൽ എടുത്ത വായ്പകളുടെ മുതലും പലിശയും കോർപ്പറേഷന്റെ മറ്റു ഫണ്ടുകളിൽനിന്നും എടുത്ത് തിരിച്ചടച്ചത് റഗുലറൈസ് ചെയ്യുന്നതിലേക്കും സർക്കാരിലേക്ക് ഗ്യാരന്റി കമ്മീഷൻ ഒടുക്കിയ ഇനത്തിലുമായി പദ്ധതിയേതര വിഹിതമായി 2667.13 ലക്ഷം രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12, 13)

6216-80-201-99—കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് നൽകുന്ന വായ്പകൾ

06—മാർക്കറ്റ് ബോറോയിംഗ്

ബോർഡിന് വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിന് പ്രവർത്തന മൂലധനം ആവശ്യമാണ്. മറ്റു ധനകാര്യസ്ഥാപനങ്ങളിൽനിന്ന് മൂലധനം സ്വരൂപിക്കുന്നതിന് സർക്കാർ ഗ്യാരണ്ടിയുടെ അഭാവത്തിൽ ഇപ്പോൾ ബോർഡിന് കഴിയുന്നില്ല. ആയതിനാൽ ബോർഡിന് പ്രവർത്തന മൂലധനമായി നടപ്പുസാമ്പത്തിക വർഷത്തിൽ 10 കോടി രൂപ മാർക്കറ്റ് ബോറോയിംഗ് ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

## ധനാഭ്യർത്ഥന നമ്പർ XXII—നഗര വികസനം

2217-05-191-80—കോർപ്പറേഷൻ
2217-05-192-81—മുനിസിപ്പാലിറ്റി } സംയോജിത പാർപ്പിട-ചേരി വികസന പരിപാടി (ഐ. എച്ച്. എസ്. ഡി. പി) (80:10:10)

ദരിദ്ര കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ചേരിപ്രദേശങ്ങളിലും ഏറ്റവും കുറഞ്ഞത് 15 കുടുംബങ്ങളെങ്കിലും അടുത്തടുത്തായി താമസിക്കുന്ന ക്ലസ്റ്ററുകളിലുമാണ് പദ്ധതി നടപ്പാക്കുന്നത്. ജവഹർലാൽ നെഹ്റു നഗര നവീകരണ പരിപാടി നടപ്പിലാക്കുന്ന കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളും തൃപ്പൂണിത്തുറ, കളമശ്ശേരി ഒഴികെയുള്ള എല്ലാ നഗരസഭകളും ഈ പദ്ധതിയുടെ കീഴിൽ വരുന്നു. ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 80% കേന്ദ്രവിഹിതവും ശേഷിക്കുന്ന 20% സംസ്ഥാന വിഹിതവും നഗരസഭാ വിഹിതവും ഗുണഭോക്തൃ വിഹിതവുമാണ്. 2012-13 ബഡ്ജറ്റിൽ ഈ ശീർഷകങ്ങളിലായി ആകെ 4000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ നടപ്പു വർഷത്തിൽതന്നെ പദ്ധതി പൂർത്തികരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നതിനാൽ കൂടുതലായി 3249 ലക്ഷം രൂപ കൂടി ഈ പദ്ധതിക്കായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

2217-05-191-86-(കോർപ്പറേഷൻ) സുവർണ്ണ ജയന്തി ഷഹാരി റോസ്ഗാർ യോജന
2217-05-192-82-(മുനിസിപ്പാലിറ്റി) (എസ്സ്. ജെ. എസ്സ്. ആർ. വൈ) (75% കേന്ദ്രസഹായം)

നഗരത്തിലെ തൊഴിലില്ലാത്തവരും ഭാഗികമായി തൊഴിലുള്ളവരുമായ പാവപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭങ്ങളിലൂടെയും വേതനം നല്കാവുന്ന തൊഴിലവസരങ്ങളിലൂടെയും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക എന്നതാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ സുവർണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്. ജെ. എസ്. ആർ. വൈ.) യുടെ ലക്ഷ്യം. 2012-13 ബജറ്റിൽ 1500 ലക്ഷം രൂപ കേന്ദ്ര വിഹിതവും 500 ലക്ഷം രൂപ സംസ്ഥാന വിഹിതവും അടക്കം ആകെ 2000 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. 2012-13 വർഷത്തിൽ 1500 വ്യക്തിഗത സംരംഭങ്ങളും 900 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിക്കാൻ ലക്ഷ്യമിടുന്നതുകൂടാതെ 5500 പേർക്ക് വിദഗ്ധ പരിശീലനം കൂടി നല്കാനും ഉദ്ദേശിക്കുന്നു. ആയതിനാൽ 2012-2013 സാമ്പത്തിക വർഷത്തേക്ക് കൂടുതലായി 500.00 ലക്ഷം രൂപ കേന്ദ്ര വിഹിതവും 166.67 ലക്ഷം രൂപ സംസ്ഥാന വിഹിതവുമായി മൊത്തം 666.67 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

2217-05-800-83—നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ (ബി.എസ്.യു.പി.)

മഹാനഗരങ്ങളിലെ ചേരികളിൽ താമസിക്കുന്ന പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഈ പദ്ധതി തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിലാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര വിഹിതമായി 4980.50 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 488.50 ലക്ഷം രൂപയും വകുപ്പ് ആവശ്യപ്പെട്ടിരുന്നതിൽ ബഡ്ജറ്റ് വിഹിതമായി ഈ സാമ്പത്തികവർഷം 5728 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 2012-13 സാമ്പത്തികവർഷത്തിൽ തന്നെ പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നതിനാൽ 6777 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

2217 -80-800-70—രാജീവ് ആവാസ് യോജന (50% കേന്ദ്രാവിഷ്കൃതം)

'ചേരിരഹിത ഇന്ത്യ' എന്ന ലക്ഷ്യം വച്ച് കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത് സംസ്ഥാന സർക്കാരുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് ഇത്. സംസ്ഥാനത്തെ 5 കോർപ്പറേഷനുകളേയും കണ്ണൂർ നഗരസഭയേയും ചേരിരഹിത നഗരങ്ങളായി വികസിപ്പിക്കുവാനാണ് സംസ്ഥാന സർക്കാർ ഈ പദ്ധതി നടത്തിപ്പിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

തിരുവനന്തപുരം നഗരസഭയുടെ പൈലറ്റ് പദ്ധതിക്കായി 7186 ലക്ഷം രൂപയുടെ പദ്ധതി വിഹിതം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 1032

വീടുകളുടെ നിർമ്മാണത്തിനായി 5223 ലക്ഷം രൂപയും സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി 1890 ലക്ഷം രൂപയും വരുന്ന പദ്ധതി അടങ്ക ലോടു കൂടിയ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറായിട്ടുണ്ടെന്നും ഈ പദ്ധതിയുടെ നടപ്പു വർഷത്തെ വിഹിതം 1389.01 ലക്ഷം രൂപ ആണെന്നും ബാക്കി 4 കോർപ്പറേ ഷനുകളിലും കണ്ണൂർ നഗരസഭയിലും പൈലറ്റ് പ്രോജക്ട് നടത്തേണ്ടതുണ്ടെന്നും ആയതിലേയ്ക്ക് 10000 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു എന്നും സമിതി മനസ്സിലാക്കുന്നു. ഈ തുകയുടെ 30% നടപ്പുവർഷം തന്നെ ചെലവാകുന്നതാ ണെന്നും അഞ്ചു കോർപ്പറേഷനുകളിൽ സ്ലം ഫ്രീ സിറ്റി പ്ലാനിൽ ജി.ഐ.എസ്. മാപ്പിംഗ് നടപ്പുവർഷം പൂർത്തീകരിക്കേണ്ടതാണെന്നും സമിതി വിലയിരുത്തി. ആയതിലേക്ക് 20315.40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30, 31)

2217-80—800-71—<u>നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ സംവിധാനം</u>

പുതിയ നഗരസഭകളിൽ ഖരമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കാൻ 2012-13 വർഷത്തിൽ 8 കോടി രൂപ ആവശ്യമായതിനാൽ പ്രസ്തുത തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കൂടാതെ 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ മലബാർ സിമന്റ്സു മായി ചേർന്ന് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ച പ്ലാസ്റ്റിക് റീസൈക്കിളിംഗ്/ഷ്രേഡിംഗ് യൂണിറ്റ് പ്രാവർത്തികമാക്കുന്നതിന് തുടക്കമെന്ന നിലയിൽ ഒരു കോടി രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32, 33)

2217-80-800-76—<u>അയ്യൻകാളി നഗര തൊഴിലുറപ്പു പദ്ധതി</u>

നഗര പ്രദേശങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള ഈ സംസ്ഥാന പദ്ധതിയുടെ പ്രധാന ലക്ഷ്യം അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ കഴിവും താല്പര്യവുമുള്ള നഗരപ്രദേശങ്ങളിലെ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർക്ക് കുറഞ്ഞത് ഒരു വർഷത്തിൽ 100 ദിവസത്തെയെങ്കിലും തൊഴിൽ ഉറപ്പ്‌വരുത്തി നഗര പ്രദേശങ്ങളിലെ ജീവിതസുരക്ഷ ഉറപ്പാക്കുക എന്നതാണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ അൻപത് ശതമാനമെങ്കിലും സ്ത്രീകളായിരിക്കണമെന്ന് ഉറപ്പാക്കേണ്ടതാണ്. 2012-13-ൽ ഈ പദ്ധതിയ്ക്കായി 500 ലക്ഷം രൂപയാണ് നീക്കി വച്ചിട്ടുള്ളത്. നഗരപ്രദേശങ്ങളിലെ തൊഴിലില്ലായ്മ പരിഹ രിക്കുന്നതിന് വളരെയധികം സഹായകമായിട്ടുള്ള ഈ പദ്ധതിയ്ക്ക് അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ പ്രസ്തുത തുകയ്ക്ക് പുറമേ 45 കോടി രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

## ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

2515-00-800-13—കേരളത്തിലെ പ്രാദേശിക സർക്കാരും സേവന വിദാന പദ്ധതി പ്രകാരമുള്ള പ്രോജക്ട് മാനേജുമെന്റും കപ്പാസിറ്റി ബിൽഡിംഗും (കെ.എൽ.ജി.എസ്.ഡി.പി.)

കേരളത്തിലെ തദ്ദേശഭരണ സംവിധാനത്തിന്റെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുകയും ശക്തിപ്പെടുത്തുകയുമാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ഈ പ്രോജക്ടിന്റെ വിവിധ ഘടകങ്ങൾക്ക് 2011-12 വർഷം 140 കോടി രൂപയാണ് ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമായി വിഭജിച്ച് നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷത്തിലെ യു.എസ്. ഡോളറിന്റെ വിനിമയ നിരക്കിലെ വർദ്ധനവും 2011-12-ൽ കുറവ് തുക അനുവദിച്ചത് പ്രകാരവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈയിനത്തിൽ 32.61 കോടി രൂപ അധികമായി ലഭിക്കുന്നതാണ്.

2012-13 വർഷത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് ശീർഷകമായ 3604-00-200-94-ൽ പ്രസ്തുത അധിക തുകയായ 32.61 കോടി രൂപ ഉൾപ്പെടാത്തതിനാൽ ഇനിവരുന്ന സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിൽ ഈ തുക കൂടി ഉൾപ്പെടുത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40, 41)

## പൊതു ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ശുപാർശകൾ

- **വനിതാ വിശ്രമ ശുചിത്വ സമുച്ചയം**

2012-13 വർഷത്തിൽ സംസ്ഥാനത്തെ റയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, വിനോദകേന്ദ്രങ്ങൾ, ആരാധനാകേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് സ്ത്രീകൾക്ക് സൗകര്യപ്രദമായ രീതിയിൽ വനിതാ വിശ്രമ ശുചിത്വ സമുച്ചയം 5 നഗരസഭകളിൽക്കൂടി നിർമ്മിക്കുന്നതിനായി 37.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്ത്രീകൾക്ക് രാത്രികാലങ്ങളിലും ഉപയോഗിക്കുവാൻ കഴിയുന്നവിധം സൗകര്യപ്രദവും, സുരക്ഷിതവുമായ സ്ഥലം കോംപ്ലക്സ് നിർമ്മാണത്തിനായി മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കണ്ടെത്തേണ്ടതാണ്. 15 ലക്ഷം രൂപയാണ് യൂണിറ്റ് കോസ്റ്റ് ആയി നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ 50% സാമ്പത്തിക സഹായമായ 7.5 ലക്ഷം രൂപ നഗരസഭയ്ക്ക് ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ആകയാൽ മേൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

- **വഴിയോര ശുചിത്വ സമുച്ചയം**

നഗരസഭകളിലെ പ്രധാന റോഡുകളോട് ചേർന്ന് ടോയ്‌ലറ്റ് സൗകര്യം ലഭ്യമാക്കുന്നതിനായി 50 വഴിയോര വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി 100 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 4 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കിയതിൽ 50% സംസ്ഥാന വിഹിതമായിരിക്കും. ബാക്കിതുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്. ആകയാൽ മേൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

ശുചിത്വ മിഷനും ജില്ലാ ശുചിത്വ മിഷനും ശക്തിപ്പെടുത്തുന്നതിലേക്കായി 76 താൽക്കാലിക തസ്തിക സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ ഇതിനായുള്ള ചെലവിനത്തിൽ 4.75 കോടി രൂപ കൂടി അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

കെ. സി. ജോസഫ്,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2013 ജൂൺ 24.